# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മേലില ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P11/2230/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 27/03/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേലില ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മേലില ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലില ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P11/2230/22 തീയ്യതി: 27/03/2023

## കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2021 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 21-11-2022 | 29-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-11-2022 | 29-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിജാറാണി.എസ്. (ഓഡിറ്റ് ഓഫീസർ)
ശ്രീമതി അമ്പിളി.ജി(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.അനീഷ്.വി.എസ്.(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി രാജശ്രീ.സി.ആർ. (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി താരാ.എ. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| എ.കബീർദാസ് | സെക്രട്ടറി | 01-04-2021 | 17-02-2022 |
| ശ്രീമതി സംഗീത | സെക്രട്ടറി | 18-02-2022 | 28-02-2022 |
| ശ്രീമതി ജി.എസ്. സുനിത | സെക്രട്ടറി | 01-03-2022 | 31-03-2022 |
| ശ്രീ. ലിജു ജോൺ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ലീന | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. സോഫി.ആർ.ദാസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.അജിത കുമാരി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 01-04-2021 | 31-03-2022 |
| ശ്രീ. വർഗ്ഗീസ് മൈക്കിൾ | ഡയറി ഫാം ഇൻസ്റ്റ്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി ദീപശ്രീ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ആശ. സി.ആർ | ഹെഡ് മിസ്ട്രസ്സ് | 01-11-2021 | 31-03-2022 |
| ശ്രീ.സതീഷ് ചന്ദ്രൻ | അസ്സിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി സ്മിത | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 20-11-2021 |
| ശ്രീമതി സിന്ധു | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 21-11-2021 | 31-03-2022 |
| ശ്രീമതി സീന | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 02-08-2021 |
| ശ്രീമതി ഷീജാമോൾ | അസിസ്റ്റന്റ് എഞ്ചിനീയർ | 03-08-2021 | 31-03-2022 |
| ശ്രീമതി സ്മിത.എം. നായർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 28-09-2021 |
| ശ്രീമതി ഹസീന | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 29-09-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | 2021-22 വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു. | 1-11 |
| 13 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-12 |
| 14 | പദ്ധതി ഭേദഗതി വരുത്താതെ അധികം തുക ചെലവഴിച്ചിരിക്കുന്നു. | 1-13 |
| 15 | പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. | 1-14 |
| 16 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല. | 1-15 |
| 17 | തൊഴിലുറപ്പ് പദ്ധതി - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-16 |
| 18 | കന്നുകുട്ടി പരിപാലനം - തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. | 1-17 |
| 19 | എസ്റ്റിമേറ്റ് പുതുക്കിയതിൽ എക്സ്ട്രാ ഐറ്റമായി ഉൾപ്പെടുത്തിയില്ല - വശം ചെത്തിയിറക്കുന്ന മൺപണിക്ക് ഫൗണ്ടേഷൻ ഒരുക്കുന്നതിനുള്ള മൺപണിയുടെ നിരക്ക് അനുവദിച്ചു - 43,461/-രൂപ അധികച്ചെലവ്. | 1-18 |
| 20 | വശം ചെത്തിയിറക്കുന്ന മൺപണിക്ക് (Side Cutting) ഫൗണ്ടേഷൻ ഒരുക്കുന്നതിനുള്ള മൺപണിയുടെ നിരക്ക് അനുവദിക്കുന്നു. 5,366/-രൂപ അധിക ചെലവ്. | 1-19 |
| 21 | ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ച 32,500/-രൂപ വ്യവസ്ഥകൾക്ക് വിധേയമായി മുതൽക്കൂട്ടേണ്ടതാണ്. | 1-20 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | എസ്റ്റിമേറ്റ് പുതുക്കിയതിൽ എക്സ്ട്രാ ഐറ്റമായി ഉൾപ്പെടുത്തിയില്ല - വശം ചെത്തിയിറക്കുന്ന മൺപണിക്ക് ഫൗണ്ടേഷൻ ഒരുക്കുന്നതിനുള്ള മൺപണിയുടെ നിരക്ക് അനുവദിച്ചു - 43,461/-രൂപ അധികച്ചെലവ്. | 3-1 |

| | | |
|---|---|---|
| 2 | വശം ചെത്തിയിറക്കുന്ന മൺപണിക്ക് (Side Cutting) ഫൗണ്ടേഷൻ ഒരുക്കുന്നതിനുള്ള മൺപണിയുടെ നിരക്ക് അനുവദിക്കുന്നു- 5366/- രൂപ അധിക ചെലവ് | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20/02/2021 തീയതിയിലെ I (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 30-04-2022 | - | 25-10-2022 |

### 1-2-1 2021-22 വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ

2021-22 വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ലൈഫ് ലോൺ തുകയിൽ തൻവർഷം ചെലവഴിച്ചത് 46,50,000/-രൂപയാണെങ്കിലും AFS ൽ ചെലവായി 38,20,000/-രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

2) ഗുണഭോക്തൃവിഹിതം അക്കൗണ്ട് ചെയ്യുന്നതിൽ അപാകത

എ) പ്രോജക്ട് നം. 139/22 ബയോബിൻ പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃവിഹിതം ഇനത്തിൽ പിരിച്ചെടുത്ത തുകയിൽ 12,600/-രൂപ 15/11/2021 ലെ ചെക്ക് നം. 43228 പ്രകാരം ചെലവഴിച്ചെങ്കിലും ടി തുക 2021-22 വാർഷികകണക്കിൽ ഗുണഭോക്തൃവിഹിതം നീക്കിയിരുപ്പിൽ നിന്നും കുറവ് ചെയ്തില്ല.

ബി) പ്രോജക്ട് നം. 144/2021 കറവ പശു വിതരണം (വനിത) പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃവിഹിതം ഇനത്തിൽ പിരിച്ചെടുത്ത തുകയിൽ 1,00,000/-രൂപ 11/11/2020 ലെ ചെക്ക് നം. 1868956 പ്രകാരം ചെലവഴിച്ചെങ്കിലും ടി തുക 2020-21, 2021-22 വാർഷികകണക്കിൽ ഗുണഭോക്തൃവിഹിതം നീക്കിയിരുപ്പിൽ നിന്നും കുറവ് ചെയ്തില്ല.

3) സംയുക്ത പദ്ധതി തുകകളുടെ നീക്കിയിരുപ്പിൽ അപാകത

2021-22 സാമ്പത്തികവർഷം ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ 1,50,000/-രൂപയാണ് 29/03/22 ൽ തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത്, എന്നാൽ 30/03/2022 ലെ ചെക്ക് നം. 160076 പ്രകാരം 1,00,000/-രൂപയും 30/03/2022 ലെ ചെക്ക് നം. 160077 പ്രകാരം 3,881/-രൂപയും 30/03/2022 ലെ ചെക്ക് നം. 160078 പ്രകാരം 739/-രൂപയും 30/03/2022 ലെ ചെക്ക് നം. 160079 പ്രകാരം 95,380/-രൂപയും ഉൾപ്പടെ ആകെ 2,00,000/- രൂപ ജില്ല പഞ്ചായത്ത് വിഹിതം ഇനത്തിൽ തനത് ഫണ്ട് അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തു. ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും അധികമായി ചെലവഴിച്ച 50,000/-രൂപയ്ക്ക് ലയബിലിറ്റി കുറച്ച് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി തുക ട്രഷറി ജോയിന്റ് വെഞ്ചർ അക്കൌണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് മാറ്റിയിട്ടില്ല. ട്രഷറി അക്കൌണ്ട് പ്രകാരം നീക്കിയിരുപ്പ് 8,07,708/-രൂപ B-4 പ്രകാരം ജോയിന്റ് വെഞ്ചർ ലയബിലിറ്റി 7,57,708/-രൂപ.

4) വാടക സംബന്ധിച്ച രജിസ്റ്ററിലെ വരവ് തുക 3,76,992/-രൂപയും വാർഷികധനകാര്യപത്രിക പ്രകാരം വരവ് തുക 3,65,422/- രൂപയുമാണ്.

5) തൊഴിലില്ലായ്മ വേതനമിനത്തിൽ 88,200/-രൂപ, വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായമിനത്തിൽ 3,00,000/-രൂപ വരവ്-ചെലവ് വന്നിട്ടുണ്ടെങ്കിലും ടി തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട് വന്നിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,14,16,036/-രൂപ |
| വരവ് | 7,06,15,319/-രൂപ |
| ആകെ | 9,20,31,355/-രൂപ |
| ചെലവ് | 6,67,45,237/-രൂപ |
| നീക്കിയിരിപ്പ് | 2,52,86,118/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 48,827/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,74,945/-രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,36,66,978/- | 1,36,66,978/- | 1,34,25,342/- | 2,41,636/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 96,68,360/- | 96,68,360/- | 90,57,393/- | 6,10,967/- |
| മെയിന്റനൻസ്, റോഡ് | 0 | 1,45,48,159/- | 1,45,48,159/- | 68,34,340/- | 77,13,819/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 55,05,587/- | 55,05,587/- | 25,01,897/- | 30,03,690/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic Grant) TREASURY | 0 | 12,68,480/- | 12,68,480/- | 7,49,960/- | 5,18,520/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) (TREASURY) | 0 | 36,05,178/- | 36,05,178/- | 13,39,096/- | 22,66,082/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 37,51,000/- | 37,51,000/- | 7,20,000/- | 30,31,000/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 25,53,675/- | 25,53,675/- | 21,88,884/- | 3,64,791/- |
| എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3,699/- | 8,94,915/- | 8,98,614/- | 8,98,430/- | 184/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ICDS | 3,01,184/- | 7,90,320/- | 10,91,504/- | 10,46,483/- | 45,021/- |
| TSC | 14,80,508/- | 43,567/- | 15,24,075/- | 2,46,326/- | 12,77,749/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| Life State Share | 5,60,000/- | 13,00,000/- | 18,60,000/- | 8,10,000/- | 10,50,000/- |
| Literacy | 0 | 0 | 0 | 0 | 0 |
| ശുചിത്വമിഷൻ | 24,70,586/- | 1,50,000/- | 26,20,586/- | 7,04,485/- | 19,16,101/- |
| സ്പെസഫിക് പർപസ് | 0 | 0 | 0 | 0 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 00 | 5,64,61,416/- | 120 | 3,68,16,912/- | 00 | 46 | 65.26% |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ്₹ | ആകെ₹ | ചെലവ്₹ | നീക്കിയിരുപ്പ്₹ |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളുടെ കൂലി | 0 | 3,57,54,773/- | 3,57,54,773/- | 3,57,54,773/- | 0 |
| ഭരണചെലവുകൾ | 3,699/- | 8,94,915/- | 8,94,915/- | 8,98,430/- | 184/- |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 88,200/- * |
| കർഷകതൊഴിലാളി പെൻഷൻ | 22,15,800/- |
| വിധവാപെൻഷൻ | 1,53,85,000/- |
| വാർദ്ധക്യകാലപെൻഷൻ | 2,56,59,000/- |
| വികലാംഗപെൻഷൻ | 52,58,000/- |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 4,75,600/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 3,00,000/- * |

* വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട് വന്നിട്ടില്ല.

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 16,951/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

1) ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച നൽകുകയും ചെയ്തിട്ടുണ്ട്.

2) പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. എന്നാൽ ഔട്ട് ഡോർ കളക്ഷൻ മാനുവൽ രസീതുകളും ഉപയോഗിച്ചുവരുന്നു.

3) വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുന്നുണ്ട്.

4) വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

5) എല്ലാ ചെലവുകളും ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

6) പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസിന്റെ പരിധിയിൽ വന്നിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.11.2022 | 07/2022 – 09/2022 | 26.09.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.03.18 – 22.03.18 | 2012-13 – 2016-17 | 10.05.2018 |

1-11 തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു.

തൊഴിൽ നികുതി പിരിവിന്റെ രജിസ്റ്ററും റിട്ടേൺ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നികതി ഈടാക്കാത്ത തൊഴിൽ അർദ്ധ വർഷം |
|---|---|---|
| 1. | നടുക്കുന്ന് ക്ഷീരോൽപ്പാദക സഹകരണസംഘം | I, II |
| 2. | ഇരിങ്ങൂർ ക്ഷീരോൽപ്പാദക സഹകരണസംഘം | I, II |
| 3. | ചേത്തടി ക്ഷീരോൽപ്പാദക സഹകരണസംഘം | I, II |
| 4. | മേലില ക്ഷീരോൽപ്പാദക സഹകരണസംഘം | I, II |
| 5. | ഹ്യൂണ്ടായ് കാർ സെയിൽസ് & സർവ്വീസസ് | I, II |
| 6. | പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ | I, II |
| 7. | പഞ്ചായത്തിലെ മരാമത്തു പ്രവർത്തികൾ ചെയ്ത കരാറുകാർ | I, II |

അപാകത ചൂണ്ടികാണിച്ചു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മുൻവർഷങ്ങളിലെ രജിസ്റ്ററിൽ ഉൾപ്പെടാതിരുന്നതിനാലാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നതെന്നും നിലവിൽ തൊഴിൽനികുതി അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 13, 14 പ്രകാരം തൊഴിൽനികുതി നൽകാൻ ബാധ്യസ്ഥരായവരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഒടുക്കു വരുത്താതിരുന്നത് ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം . 4/24.11.2022

1-12 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് പിരിവ് സംബന്ധിച്ചുള്ള രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കടമുറികളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തൻവർഷം വ്യാപാര സംരംഭക ലൈസൻസ് (FACTEOS ലൈസൻസ് ) എടുത്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കടമുറി വാടകയ്ക്ക് എടുത്ത വ്യക്തിയുടെ പേരും മേൽവിലാസവും | കടമുറി നം. |
|---|---|---|
| 1. | സുജാബ് ഇ., പച്ചിലചരുവിള വീട് | 3 |
| 2. | എം. കെ. ജോൺസൺ, മാമഴിയിൽ ഹൌസ് | 4 |
| 3. | അജയൻ, അജയഭവൻ | 6 |
| 4. | ലതികമ്മ, മാണിശ്ശേരി വീട് | 7 |
| 5. | നിതിൻ ബെന്നി, പാറവിള പുത്തൻ വീട് | 8 |
| 6. | സജൻ മാത്യൂ, അക്ഷയ | 9 |
| 7. | ശിവദാസൻ, ശാന്തി ഭവൻ/ നിതിൻബെന്നി പാറവിള പുത്തൻ വീട് (12/21 മുതൽ) | 10 |

2. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ തൻവർഷം ലൈസൻസ് എടുത്തിട്ടില്ല.

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ബാർബർഷോപ്പ്, റബ്ബർ വ്യാപാരം, പച്ചക്കറി മുതലായ വ്യാപാരം നടന്നു വരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും കോവിഡിന്റെ പശ്ചാത്തലത്തിൽ ദിവസവും പ്രവർത്തിക്കാതിരുന്നതിനാലാണ് ലൈസൻസ് എടുക്കാതിരുന്നതെന്നും മറ്റ് സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, നിലവിൽ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കി വരുന്നുണ്ടെന്നും മറുപടി നൽകി. റേഷൻകടകൾ മുൻവർഷത്തെ ട്രേഡ്സ് ലിസ്റ്റിൽ ഉൾപ്പെടാത്തതിനാലാണ് ലൈസൻസ് എടുക്കാൻ നോട്ടീസ് നൽകാതിരുന്നതെന്നും നിലവിൽ ലൈസൻസ് എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.) എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. വിശദമായ പരിശോധന നടത്തി പഞ്ചായത്തിന്റെ ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം . 7/26.11.2022

1-13 പദ്ധതി ഭേദഗതി വരുത്താതെ അധികം തുക ചെലവഴിച്ചിരിക്കുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ "പ്രോജക്ട് നമ്പർ 56/22 - വെള്ളക്കരം അടയ്ക്കൽ" എന്ന പദ്ധതിക്കായി തനത് ഫണ്ട്, സംരക്ഷണ ഗ്രാന്റ് റോഡിതരം എന്നീ ഫണ്ടുകളിൽ നിന്നും

3,72,750/-രൂപ വീതം ആകെ 7,45,500/-രൂപ വകയിരുത്തിയിരുന്നു. എന്നാൽ പദ്ധതിക്കായി ചെലവഴിച്ച ആകെ തുക 7,82,844/-രൂപയാണ്. പദ്ധതി ഭേദഗതി വരുത്താതെ അംഗീകരിച്ച പദ്ധതിയിൽ നിന്നും 37,344/-രൂപ അധികമായി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/28-11-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വെള്ളക്കരം കുടിശ്ശിക വരുത്താതെ ഒടുക്കുക എന്നുള്ളത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണെങ്കിലും പദ്ധതി ആസൂത്രണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അംഗീകൃത അടങ്കൽ തുകയിൽ നിന്നും കൂടുതലായി ചെലവ് നടത്തിയത് ക്രമപ്രകാരമല്ല. പദ്ധതി ആസൂത്രണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പ്രോജക്ടുകളിൽ മാറ്റം വരുത്തി നടപ്പിലാക്കാൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

1-14 പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

പ്രോജക്ട് നം - 111/22
പ്രോജക്ടിന്റെ പേര് - വട്ടവിള കോളനി കിണർ നിർമ്മാണം
ഫണ്ട് അടങ്കൽ - 1,50,000/-, വികസനഫണ്ട് – എസ്.സി.പി
ചെലവ് - 98,354/-
ബിൽ നം - 08/08-09-2021
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
എം.ബുക്ക് നം - 74/20-21

പുതിയ കിണറും വാട്ടർ ടാങ്കം 1 Hp മോട്ടോറും സ്ഥാപിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് "വട്ടവിള കോളനി കിണർ നിർമ്മാണം" എന്ന പ്രവൃത്തി. 30-03-2021 ൽ നിർമ്മാണ പ്രവൃത്തികൾ പൂർണ്ണമായും പൂർത്തീകരിച്ച് 2021-22 സാമ്പത്തിക വർഷത്തിൽ പേയ്മെന്റ് നടത്തിയ മേൽ പ്രവൃത്തിയുടെ പ്രവർത്തനം 29-11-2022 തീയതിയിൽ പ്രാദേശികമായി പരിശോധിച്ചു. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ സ്ഥാപിച്ച് കുടിവെള്ളവിതരണം നാളിതുവരെ നടത്തിയിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. പദ്ധതി പൂർത്തീകരിച്ച് 21 മാസങ്ങൾക്ക് ശേഷവും പദ്ധതിയുടെ അന്തിമലക്ഷ്യമായ കുടിവെള്ള വിതരണം നടത്താൻ നടപടി സ്വീകരിച്ചിട്ടില്ല. ടി അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച മേൽ കുടിവെള്ള കിണറിൽ നിന്നും കുടിവെള്ളം ഉണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 14/29-11-2022

1-15 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല.

മേലില ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങുന്നതിന് മെഡിക്കൽ ഓഫീസർ, ഹോമിയോ ഹോംകോ, പാതിരപ്പള്ളിയ്ക്ക് തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ എല്ലാം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം | അടങ്കൽ തുക (രൂപ) ഫണ്ടിനം. | ചെലവ് തുക (രൂപ) | ലഭിച്ച മരുന്നിന്റെ വില (രൂപ) | ലഭിക്കുവാനുള്ള മരുന്നിന്റെ വില (രൂപ) |
|---|---|---|---|---|---|
| 1. | മേലില ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ (നം.32/21-22) | 2,00,000/- മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 2,00,000/- ബിൽ നമ്പർ. 1/21-22, 19-1-11 | 0 | 2,00,000/- |

ആയതിന് മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മരുന്ന് ലഭിക്കുന്നതിനുവേണ്ടി ചെലവഴിച്ച 2,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 2,00,000/-രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ -

1-16 തൊഴിലുറപ്പ് പദ്ധതി - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

2021-22 വർഷത്തെ തൊഴിലുറപ്പ് പദ്ധതികളുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ പദ്ധതി പണം ചെലവഴിക്കുന്നതു സംബന്ധമായ രേഖകളിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. ഭൂസംരക്ഷണ പ്രവൃത്തികളുടെ എം ബുക്കുകളിൽ പ്രവൃത്തി തിരിച്ചറിയാൻ കഴിയത്തക്കവിധത്തിൽ സൈറ്റ് വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല.
2. എം ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ എം.ബുക്ക് കൈപ്പറ്റുന്നവരുടെ വിവരങ്ങൾ ചേർത്ത് കൈയ്യൊപ്പ് വാങ്ങുന്നില്ല.
3. എം ബുക്കിൽ 'സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്' രേഖപ്പെടുത്തിയിട്ടില്ല.
4. പല ഫയലുകളിലും എഫ് ടി ഒ പകർപ്പുകൾ ഭാഗികമായോ പൂർണമായോ സൂക്ഷിക്കുന്നില്ല.
ഉദാഹരണം : സോക്ക് പിറ്റ് - ഐ എഫ് 523052, ഐ എഫ് 655307.
5. മസ്റ്റർ റോളുകൾ പൂർണ്ണമായും എഴുതുകയോ പ്രിന്റ് പൂർണ്ണമാക്കുകയോ ചെയ്ത് സൂക്ഷിക്കുന്നില്ല.
പഞ്ചായത്തിൽ സ്കിൽഡ്, അൺസ്കിൽഡ് ലേബർ എന്നയിനത്തിൽ ആരും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല എന്നിരുന്നാലും സ്കിൽഡ്, അൺസ്കിൽഡ് ലേബർ തൊഴിൽക്കൂലിയിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. അപാകതകൾ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-17 കന്നുകുട്ടി പരിപാലനം - തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല.

പ്രോജക്ട് - കന്നുകുട്ടി പരിപാലനം

പ്രോജക്ട് നമ്പർ - 62/22

അടങ്കൽ - 15,00,000/-

വികസനഫണ്ട് - 3,75,000/-

സ്റ്റേറ്റ് ഷെയർ - 3,75,000/-

മറ്റുള്ളവ - 7,50,000/-

ചെലവ് - 3,75,000/-

നിർവഹണ ഉദ്യോഗസ്ഥൻ – വെറ്റിനറി സർജൻ

ബിൽ നമ്പർ - 2/21-22/15-12-21 – 2,93,750/-,

ബിൽ നമ്പർ - 3/21-22/18-2-22 – 81,250/-

പദ്ധതിയ്ക്കായി ചെലവഴിച്ച 3,75,000/-രൂപയിൽ 2,00,055/-രൂപയുടെ വിനിയോഗരേഖകൾ ഹാജരാക്കി. 1,74,945/-രൂപയുടെ വിനിയോഗരേഖകൾ ലഭ്യമാക്കാത്തതിനാൽ ടി ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 1,74,945/-രൂപ

1-18 എസ്റ്റിമേറ്റ് പുതുക്കിയതിൽ എക്സ്ട്രാ ഐറ്റമായി ഉൾപ്പെടുത്തിയില്ല - വശം ചെത്തിയിറക്കുന്ന മൺപണിക്ക് ഫൗണ്ടേഷൻ ഒരുക്കുന്നതിനുള്ള മൺപണിയുടെ നിരക്ക് അനുവദിച്ചു - 43,461/-രൂപ അധികച്ചെലവ്.

പ്രോജക്ട് നം. – 117/2022 (39/20221) - സെന്റ് മേരീസ് ലോവർ കരിക്കം അംഗൻവാടി റോഡ് സൈഡ് വാൾ നിർമ്മാണം

അടങ്കൽ തുക – 4,10,000/-, സംരക്ഷണ ഗ്രാന്റ്-റോഡ്

ചെലവ് തുക - 4,08,332/-

കരാറുകാരൻ – ശ്രീ. സതീഷ് വി ലൂക്കോസ്

എഗ്രിമെന്റ് നം - 69/AE/LSGD/MGP/2020-21 DT.25/09/2020

ടി.എസ്.നം - 1653/2020-21

എം.ബുക്ക് നം - 98/2020-21

ബിൽ നം – 3/29/06/2021

എസ്റ്റിമേറ്റ് തുക – 4,46,385.85/- (12% GST = 53,564.15/- ഒഴികെ)

എഗ്രീഡ് പി.എ.സി. – 3,65,035.82/- (18.22% Tender Below)

സെന്റ് മേരീസ് ലോവർ കരിക്കം അംഗൻവാടി റോഡ് സൈഡ് വാൾ നിർമ്മാണം എന്ന പ്രവൃത്തിയിൽ 56 മീറ്റർ നീളത്തിലും 1.35 മീറ്റർ വീതിയിലും 50 സെന്റിമീറ്റർ താഴ്ചയിൽ ഫൗണ്ടേഷൻ എടുക്കുന്നതിന് 37.8 ക്യൂബിക് മീറ്റർ മൺ പണിക്ക് 527.65/-രൂപ നിരക്കിൽ 1-ാം ഇനമായും ആയതിൽ 56 മീറ്റർ നീളത്തിലും 2.45 മീറ്റർ ഉയരത്തിലും 1.35 മീറ്റർ മുതൽ .5 മീറ്റർ വരെ വീതിയിലും 120.26 ക്യൂബിക് മീറ്റർ DR MASONRY ചെയ്യുന്നതിന് 2,889.76/-രൂപ നിരക്കിൽ 2-ാം ഇനമായും Inter Mediate RCC Belt, PCC 1:3:6, മണ്ണ് ഫില്ലിംഗ് എന്നിവ മറ്റ് ഇനങ്ങളായും ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പ്രസ്തുത പ്രവൃത്തി ശരാശരി 18.22% കുറവിൽ Item Rate Contract ക്വോട്ട് ചെയ്ത ശ്രീ. സതീഷ് വി ലൂക്കോസ് എന്ന കരാറുകാരൻ കരാർ നൽകി.

പ്രവർത്തി നിർവഹണ വേളയിൽ Item No 1, ചരിവ് നിരപ്പാക്കേണ്ടതിനാൽ മൺപണിയുടെ അളവ് 37.8 ക്യൂബിക് മീറ്റർ നിന്നും 130.516 ക്യൂബിക് മീറ്റർ ആക്കി ഉയർത്തിയും Item No 6 പൂർണമായും ഒഴിവാക്കിയും ആകെ എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റിന് 05/03/2021 ലെ 1(3)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

ബിൽ നം. 3-29/06/2021 പ്രകാരം മേൽ പ്രവൃത്തിയുടെ തുക അനുവദിച്ചു. എം.ബുക്ക് നം-98/2020-21 പേജ് 9 പ്രകാരം 130.50 ക്യൂബിക് മീറ്റർ (131.78 Limited To 130.50) മൺ പണിക്ക് 431.51/-രൂപ നിരക്കിൽ 56,312/-രൂപ കണക്കാക്കിയാണ് തുക അനുവദിച്ചത്.

മൺപണിക്ക് 431.51/-രൂപ നിരക്കിൽ തുക കണക്കാക്കിയതിലെ അപാകത ചുവടെ ചേർക്കുന്നു.

എം.ബുക്ക് നം-98/2020-21 പേജ് നം. 1, 2 പ്രകാരം 18-01-2021 ൽ 137.78 ക്യൂബിക് മീറ്റർ മൺപണി കണക്കാക്കിയതിൽ ആദ്യത്തെ 7 അളവുകൾ തറ നിരപ്പിൽ നിന്നും ശരാശരി 1.5 മീറ്റർ മുതൽ 1.85 മീറ്റർ വരെ ഉയരമുള്ള മൺതിട്ട 52.3 മീറ്റർ നീളത്തിലും 1.15 മീറ്റർ വീതിയിലുമായി 101.706 ക്യൂ.മീറ്റർ മണ്ണ് ചെത്തിയെടുക്കുന്നതിനാണ്, അളവുകളെടുത്തിട്ടുള്ളത്. തുടർന്നുള്ള 7 അളവുകളാണ് തറ നിരപ്പിൽ ഫൗണ്ടേഷൻ നിർമ്മിക്കുന്നതിനായി 52.3 മീറ്റർ നീളത്തിലും 1.15 മീറ്റർ വീതിയിലും 0.5 മീറ്റർ ആഴത്തിലുമായി 30.073 ക്യൂബിക് മീറ്റർ എർത്ത് വർക്ക് എക്സ്കവേഷൻ ചെയ്തു. എം.ബുക്ക് നം-98/2020-21 പേജ് 3 പ്രകാരം 7 അളവുകൾ 52.3 മീറ്റർ നീളത്തിൽ മാത്രം DR MASONRY ചെയ്ത്

മേൽ പ്രതിപാദിക്കുന്ന 101.706 ക്യൂ.മീറ്റർ മണ്ണ് ചെത്തിയെടുത്തത് ഫൗണ്ടേഷന് വേണ്ടിയല്ലെന്നും ആയത് ഉയരമുള്ള മൺതിട്ട ചെത്തിയെടുക്കുന്നതിനുള്ളതാണെന്നും സാധൂകരിക്കുന്നു.

Mord 3.5.2 പ്രകാരം മൺതിട്ട ചെത്തി Embank ചെയ്യുന്നതിനുള്ള നിരക്ക് ചുവടെ ചേർക്കുന്നു.

Excavation In Soil With Dozer With Lead Upto 100m

Excavation In Road Way In Soil By Mechanical Means Including Cutting And Pushing The Earth To Site Of Embankment Upto A Distance 100 M Including Trimming Bottom And Side Slopes .....

| Mord SOR Code | Description | Unit | Quantity | Rate | Cost |
|---|---|---|---|---|---|
| Taking Out Put = 180 Cum | | | | | |
| L-12 | Mate | Day | 0.08 | 407/- | 32.56/- |
| L-29 | Mazdoor (Unskilled) | Day | 2.0 | 368/- | 736.00/- |
| P&M | Dozer | Hour | 3.6 | 2,222/- | 7999.2/- |
| Total (Cost Of 180 Cum) | | | | | 8767.76/- |
| Cost Of 1 Cum | | | | | 48.71/- |
| OH 10% | | | | | 4.87/- |
| CP 10% | | | | | 5.35/- |
| Cost Index 41.85% | | | | | 2.16/- |
| Rate/cum | | | | | 61.10/- |

മൺതിട്ട ചെത്തി Embank ചെയ്യുന്നതിനുള്ള ഇനം Extra Item ആയി കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിൽ, നൽകാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു.

Estimate Amount Without GST = 4,46,385.85/-

PAC Without GST = 3,65,035.82/-

Difference = 81,350.03/-

Tender Below = 81,350.03 /446385.85 = 18.22%

101.706 മണ്ണ് ചെത്തിയെടുത്തതിന് അനുവദിക്കാവുന്ന നിരക്ക് = 61.10 X 81.78/100 = 49.97

101.706 മണ്ണ് ചെത്തിയെടുത്തതിന് 49.97/-രൂപ നിരക്കിൽ അനുവദിക്കാവുന്ന തുക = 5082.24 + 12 % GST = 5,692.10/-

101.706 മണ്ണ് ചെത്തിയെടുത്തതിന് 431.51/-രൂപ നിരക്കിൽ അനുവദിച്ച തുക = 43887.15 + 12% GST = 49,153.61/-

അധികമായി അനുവദിച്ച തുക = 43,461/-

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികചെലവായ 43,461/-രൂപ, എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ എക്സ്ട്രാ ഐറ്റം ശുപാർശ ചെയ്യാതെ ഫൗണ്ടേഷനുള്ള മൺപണിയുടെ അളവ് കൂട്ടി സമർപ്പിച്ചതും (05-03-2021) അളവ് രേഖപ്പെടുത്തിയതുമായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

1-19 വശം ചെത്തിയിറക്കുന്ന മൺപണിക്ക് (Side Cutting) ഫൗണ്ടേഷൻ ഒരുക്കുന്നതിനുള്ള മൺപണിയുടെ നിരക്ക് അനുവദിക്കുന്നു. 5,366/-രൂപ അധിക ചെലവ്.

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ ചില മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ Extra Cutting Of Earth For DR Work Of Side Wall എന്ന ഇനത്തിന് Mord 3.5.2 പ്രകാരം 61.10/cum എസ്റ്റിമേറ്റ് നിരക്കായി ഉൾപ്പെടുത്തുന്നതിന് പകരം Earth Work Excavation In Ordinary Soil Upto 3m (Foundation) Mord 11.1.1.1 പ്രകാരം 527.65/cum അനുവദിച്ചിട്ടുണ്ട്.

| പ്രവൃത്തി വിശദാംശം (1) | | അളവ് (2) | Mord 3.5.2 പ്രകാരം 61.10/ Cum ആനുവദിക്കാവുന്ന തുക (3) | Mord 11.1.1.1 പ്രകാരം 527.65/cum (4) | അധിക ചെലവ് Tender Deduction Of (4-3) +12% GST |
|---|---|---|---|---|---|
| 1) നരിക്കുഴി കോളനി പാർശ്വഭിത്തി നിർമ്മാണം (53/22) | | | | | |
| അടങ്കൽ തുക | 1,30,000/- | | | | |
| ചെലവ് തുക | 1,29,612/- | | | | |
| കരാറുകാരൻ | ശ്രീ. കെ എം രാജൻ | | | | |
| എഗ്രിമെന്റ് നം | 10/AE/LSGD /MGP/2020-21 DT.01/09/2021 | | | | |
| ടി.എസ്.നം | 2423/2021-22 | | | | |
| എം.ബുക്ക് നം | 11/2021-22 | | | | |
| ബിൽ നം | 24/ 29-01-2022 = 1,29,612/- | | | | |
| എസ്റ്റിമേറ്റ് തുക | 1,30,000/- | | | | |
| കരാർ നിരക്ക് | 0.1% Below | | | | |
| ആകെ മൺ പണി എം.ബുക്ക് പേജ് നം 10 | | 16.598 Limited To 15.324 | 349.61/- | 3,019.21/- | 2,987/- |
| ഫൗണ്ടേഷന് അവശ്യമായ മൺ പണി എം.ബുക്ക് പേജ് നം 2, 3 | | 9.602 | | | |
| വശം ചെത്തിയിറക്കുന്നതിന് ആവശ്യമായ മൺ പണി എം.ബുക്ക് പേജ് നം 3 ( തീയതി ) 14/12/2021 | | 6.996 Limited To 5.722 | | | |
| 2) അവിയോട്ടുമുകൾ കോളനി പാർശ്വഭിത്തി നിർമ്മാണം (54/22) | | | | | |

| | | | | | |
|---|---|---|---|---|---|
| അടങ്കൽ തുക | 1,30,000/- | | | | |
| ചെലവ് തുക | 94,680/- | | | | |
| കരാറുകാരൻ | ശ്രീ. കെ എം രാജൻ | | | | |
| എഗ്രിമെന്റ് നം | 09/AE/LSGD /MGP/2020-21 DT.01/09/2021 | | | | |
| ടി.എസ്.നം | 2423/2021-22 | | | | |
| എം.ബുക്ക് നം | 12/2021-22 | | | | |
| ബിൽ നം | 30/15-02-2022 = 1,29,612/- | | | | |
| എസ്റ്റിമേറ്റ് തുക | 1,30,000/- | | | | |
| കരാർ നിരക്ക് | 0.1% Below | | | | |
| ആകെ മൺ പണി എം.ബുക്ക് പേജ് നം 1 1 | | 9.009 Cum | | | |
| ഫൗണ്ടേഷന് അവശ്യമായ മൺ പണി എം.ബുക്ക് പേജ് നം 2 | | 4.45cum | | | |
| വശം ചെത്തിയിറക്കുന്നതിന് ആവശ്യമായ മൺ പണി എം.ബുക്ക് പേജ് നം 2 (തീയതി 23/12/2021) | | 4.559cum | 278.55/- | 2,405.55/- | 2,379/- |
| | | | | ആകെ | 5,366/- |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/29-11-2022 മറുപടി ലഭ്യമാക്കിയില്ല. അധിക ചെലവായ 5,366/-രൂപ മേൽ വിവരിച്ച പ്രകാരം അളവ് രേഖപ്പെടുത്തി തുക അനുവദിച്ച അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-20 ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ച 32,500/-രൂപ വ്യവസ്ഥകൾക്ക് വിധേയമായി മുതൽക്കൂട്ടേണ്ടതാണ്.

2021-22 വാർഷിക കണക്ക് പ്രകാരം 32,500/-രൂപ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ബാദ്ധ്യതയായി അവശേഷിക്കുന്നു. 2020 ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ലഭിച്ച മേൽ തുക 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 144 (1), 144 (4) വ്യവസ്ഥകൾക്ക് വിധേയമായി പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ട് കെട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/23-11-2022) മറുപടി ലഭ്യമാക്കിയില്ല. നിയമാനുസൃത നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ്റ്റിമേറ്റ് പുതുക്കിയതിൽ എക്സ്ട്രാ ഐറ്റമായി ഉൾപ്പെടുത്തിയില്ല - വശം ചെത്തിയിറക്കുന്ന മൺപണിക്ക് ഫൗണ്ടേഷൻ ഒരുക്കുന്നതിനുള്ള മൺപണിയുടെ നിരക്ക് അനുവദിച്ചു - 43,461/-രൂപ അധികച്ചെലവ്.

പ്രോജക്ട് നം. – 117/2022 (39/20221)- സെന്റ് മേരീസ് ലോവർ കരിക്കം അംഗൻവാടി റോഡ് സൈഡ് വാൾ നിർമ്മാണം

അടങ്കൽ തുക – 4,10,000/-, സംരക്ഷണ ഗ്രാന്റ്-റോഡ്

ചെലവ് തുക - 4,08,332/-

കരാറുകാരൻ – ശ്രീ. സതീഷ് വി ലൂക്കോസ്

എഗ്രിമെന്റ് നം - 69/AE/LSGD/MGP/2020-21 DT.25/09/2020

ടി.എസ്.നം - 1653/2020-21

എം.ബുക്ക് നം - 98/2020-21

ബിൽ നം – 3/29/06/2021

എസ്റ്റിമേറ്റ് തുക – 4,46,385.85/- (12% GST = 53,564.15/- ഒഴികെ)

എഗ്രീഡ് പി.എ.സി. – 3,65,035.82/- (18.22% Tender Below)

സെന്റ് മേരീസ് ലോവർ കരിക്കം അംഗൻവാടി റോഡ് സൈഡ് വാൾ നിർമ്മാണം എന്ന പ്രവൃത്തിയിൽ 56 മീറ്റർ നീളത്തിലും 1.35 മീറ്റർ വീതിയിലും 50 സെന്റിമീറ്റർ താഴ്ചയിൽ ഫൗണ്ടേഷൻ എടുക്കുന്നതിന് 37.8 ക്യുബിക് മീറ്റർ മൺ പണിക്ക് 527.65/-രൂപ നിരക്കിൽ 1-ാം ഇനമായും ആയതിൽ 56 മീറ്റർ നീളത്തിലും 2.45 മീറ്റർ ഉയരത്തിലും 1.35 മീറ്റർ മുതൽ .5 മീറ്റർ വരെ വീതിയിലും 120.26 ക്യുബിക് മീറ്റർ DR MASONRY ചെയ്യുന്നതിന് 2,889.76/-രൂപ നിരക്കിൽ 2-ാം ഇനമായും Inter Mediate RCC Belt, PCC 1:3:6, മണ്ണ് ഫില്ലിംഗ് എന്നിവ മറ്റ് ഇനങ്ങളായും ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പ്രസ്തുത പ്രവൃത്തി ശരാശരി 18.22% കുറവിൽ Item Rate Contract ക്വോട്ട് ചെയ്ത ശ്രീ. സതീഷ് വി ലൂക്കോസ് എന്ന കരാറുകാരൻ കരാർ നൽകി.

പ്രവർത്തി നിർവഹണ വേളയിൽ Item No 1, ചരിവ് നിരപ്പാക്കേണ്ടതിനാൽ മൺപണിയുടെ അളവ് 37.8 ക്യുബിക് മീറ്റർ നിന്നും 130.516 ക്യുബിക് മീറ്റർ ആക്കി ഉയർത്തിയും Item No 6 പൂർണമായും ഒഴിവാക്കിയും ആകെ എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റിന് 05/03/2021 ലെ 1(3)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

ബിൽ നം. 3-29/06/2021 പ്രകാരം മേൽ പ്രവൃത്തിയുടെ തുക അനുവദിച്ചു. എം.ബുക്ക് നം-98/2020-21 പേജ് 9 പ്രകാരം 130.50 ക്യുബിക് മീറ്റർ (131.78 Limited To 130.50) മൺ പണിക്ക് 431.51/-രൂപ നിരക്കിൽ 56,312/-രൂപ കണക്കാക്കിയാണ് തുക അനുവദിച്ചത്.

മൺപണിക്ക് 431.51/-രൂപ നിരക്കിൽ തുക കണക്കാക്കിയതിലെ അപാകത ചുവടെ ചേർക്കുന്നു.

എം.ബുക്ക് നം-98/2020-21 പേജ് നം. 1, 2 പ്രകാരം 18-01-2021 ൽ 137.78 ക്യുബിക് മീറ്റർ മൺപണി

കണക്കാക്കിയതിൽ ആദ്യത്തെ 7 അളവുകൾ തറ നിരപ്പിൽ നിന്നും ശരാശരി 1.5 മീറ്റർ മുതൽ 1.85 മീറ്റർ വരെ ഉയരമുള്ള മൺതിട്ട 52.3 മീറ്റർ നീളത്തിലും 1.15 മീറ്റർ വീതിയിലുമായി 101.706 ക്യ.മീറ്റർ മണ്ണ് ചെത്തിയെടുക്കുന്നതിനാണ്, അളവുകളെടുത്തിട്ടുള്ളത്. തുടർന്നുള്ള 7 അളവുകളാണ് തറ നിരപ്പിൽ ഫൗണ്ടേഷൻ നിർമ്മിക്കുന്നതിനായി 52.3 മീറ്റർ നീളത്തിലും 1.15 മീറ്റർ വീതിയിലും 0.5 മീറ്റർ ആഴത്തിലുമായി 30.073 ക്യൂബിക് മീറ്റർ എർത്ത് വർക്ക് എക്സ്കവേഷൻ ചെയ്തു. എം.ബുക്ക് നം-98/2020-21 പേജ് 3 പ്രകാരം 7 അളവുകൾ 52.3 മീറ്റർ നീളത്തിൽ മാത്രം DR MASONRY ചെയ്തു മേൽ പ്രതിപാദിക്കുന്ന 101.706 ക്യ.മീറ്റർ മണ്ണ് ചെത്തിയെടുത്തത് ഫൗണ്ടേഷന് വേണ്ടിയല്ലെന്നും ആയത് ഉയരമുള്ള മൺതിട്ട ചെത്തിയെടുക്കുന്നതിനുള്ളതാണെന്നും സാധൂകരിക്കുന്നു.

Mord 3.5.2 പ്രകാരം മൺതിട്ട ചെത്തി Embank ചെയ്യുന്നതിനുള്ള നിരക്ക് ചുവടെ ചേർക്കുന്നു.

Excavation In Soil With Dozer With Lead Upto 100m

Excavation In Road Way In Soil By Mechanical Means Including Cutting And Pushing The Earth To Site Of Embankment Upto A Distance 100 M Including Trimming Bottom And Side Slopes .....

| Mord SOR Code | Description | Unit | Quantity | Rate | Cost |
|---|---|---|---|---|---|
| Taking Out Put = 180 Cum | | | | | |
| L-12 | Mate | Day | 0.08 | 407/- | 32.56/- |
| L-29 | Mazdoor (Unskilled) | Day | 2.0 | 368/- | 736.00/- |
| P&M | Dozer | Hour | 3.6 | 2,222/- | 7999.2/- |
| Total (Cost Of 180 Cum) | | | | | 8767.76/- |
| Cost Of 1 Cum | | | | | 48.71/- |
| OH 10% | | | | | 4.87/- |
| CP 10% | | | | | 5.35/- |
| Cost Index 41.85% | | | | | 2.16/- |
| Rate/ | | | | | 61.10/- |

മൺതിട്ട ചെത്തി Embank ചെയ്യുന്നതിനുള്ള ഇനം Extra Item ആയി കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിൽ, നൽകാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു.

Estimate Amount Without GST = 4,46,385.85/-

PAC Without GST = 3,65,035.82/-

Difference = 81,350.03/-

Tender Below = 81,350.03 /446385.85 = 18.22%

101.706 മണ്ണ് ചെത്തിയെടുത്തതിന് അനുവദിക്കാവുന്ന നിരക്ക് = 61.10 X 81.78/100 = 49.97

101.706 മണ്ണ് ചെത്തിയെടുത്തതിന് 49.97/-രൂപ നിരക്കിൽ അനുവദിക്കാവുന്ന തുക = 5082.24 + 12 % GST = 5,692.10/-

101.706 മണ്ണ് ചെത്തിയെടുത്തതിന് 431.51/-രൂപ നിരക്കിൽ അനുവദിച്ച തുക = 43887.15 + 12% GST = 49,153.61/-

അധികമായി അനുവദിച്ച തുക = 43,461/-

മേൽ അപാകതയ്ക്ക് വിശദീകണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി

ലഭ്യമാക്കിയില്ല. അധികചെലവായ 43,461/-രൂപ, എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ എക്സ്ട്രാ ഐറ്റം ശുപാർശ ചെയ്യാതെ ഫൗണ്ടേഷനുള്ള മൺപണിയുടെ അളവ് കൂട്ടി സമർപ്പിച്ച 05-03-2021 ൽ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

3-2 വശം ചെത്തിയിറക്കുന്ന മൺപണിക്ക് (Side Cutting) ഫൗണ്ടേഷൻ ഒരുക്കുന്നതിനുള്ള മൺപണിയുടെ നിരക്ക് അനുവദിക്കുന്നു- 5366/- രൂപ അധിക ചെലവ്

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ ചില മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ Extra Cutting Of Earth For DR Work Of Side Wall എന്ന ഇനത്തിന് Mord 3.5.2 പ്രകാരം 61.10/cum എസ്റ്റിമേറ്റ് നിരക്കായി ഉൾപ്പെടുത്തുന്നതിന് പകരം Earth Work Excavation In Ordinary Soil Upto 3m (Foundation) Mord 11.1.1.1 പ്രകാരം 527.65/cum അനുവദിച്ചിട്ടുണ്ട്.

| പ്രവൃത്തി വിശദാംശം (1) | | അളവ് (2) | Mord 3.5.2 പ്രകാരം 61.10/ Cum ആനുവദിക്കാവുന്ന തുക (3) | Mord 11.1.1.1 പ്രകാരം 527.65/cum (4) | അധിക ചെലവ് Tender Deduction Of (4-3) +12% GST |
|---|---|---|---|---|---|
| 1) നരിക്കുഴി കോളനി പാർശ്വഭിത്തി നിർമ്മാണം (53/22) | | | | | |
| അടങ്കൽ തുക | 1,30,000/- | | | | |
| ചെലവ് തുക | 1,29,612/- | | | | |
| കരാറുകാരൻ | ശ്രീ. കെ എം രാജൻ | | | | |
| എഗ്രിമെന്റ് നം | 10/AE/LSGD /MGP/2020-21 DT.01/09/2021 | | | | |
| ടി.എസ്.നം | 2423/2021-22 | | | | |
| എം.ബുക്ക് നം | 11/2021-22 | | | | |
| ബിൽ നം | 24/ 29-01-2022 = 1,29,612/- | | | | |
| എസ്റ്റിമേറ്റ് തുക | 1,30,000/- | | | | |
| കരാർ നിരക്ക് | 0.1% Below | | | | |
| ആകെ മൺ പണി എം.ബുക്ക് പേജ് നം 10 | | 16.598 Limited To 15.324 | | | |
| ഫൗണ്ടേഷന് അവശ്യമായ മൺ പണി എം.ബുക്ക് പേജ് നം 2, 3 | | 9.602 | 349.61/- | 3,019.21/- | 2,987/- |
| വശം ചെത്തിയിറക്കുന്നതിന് | | 6.996 | | | |

| | | | | | |
|---|---|---|---|---|---|
| ആവശ്യമായ മൺ പണി<br>എം.ബുക്ക് പേജ് നം 3 ( തീയതി /)<br>14/12/2021 | | Limited To 5.722 | | | |
| 2) അവിയോട്ട്മുകൾ കോളനി പാർശ്വഭിത്തി നിർമ്മാണം (54/22) | | | | | |
| അടങ്കൽ തുക | 1,30,000/- | | | | |
| ചെലവ് തുക | 94,680/- | | | | |
| കരാറുകാരൻ | ശ്രീ. കെ എം രാജൻ | | | | |
| എഗ്രിമെന്റ് നം | 09/AE/LSGD /MGP/2020-21 DT.01/09/2021 | | | | |
| ടി.എസ്.നം | 2423/2021-22 | | | | |
| എം.ബുക്ക് നം | 12/2021-22 | | | | |
| ബിൽ നം | 30/15-02-2022 = 1,29,612/- | | | | |
| എസ്റ്റിമേറ്റ് തുക | 1,30,000/- | | | | |
| കരാർ നിരക്ക് | 0.1% Below | | | | |
| ആകെ മൺ പണി<br>എം.ബുക്ക് പേജ് നം 11 | | 9.009 Cum | | | |
| ഫൗണ്ടേഷന് അവശ്യമായ മൺ പണി<br>എം.ബുക്ക് പേജ് നം 2 | | 4.45cum | | | |
| വശം ചെത്തിയിറക്കുന്നതിന് ആവശ്യമായ മൺ പണി<br>എം.ബുക്ക് പേജ് നം 2<br>(തീയതി 23/12/2021) | | 4.559cum | 278.55/- | 2,405.55/- | 2,379/- |
| | | | | ആകെ | 5,366/- |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/29-11-2022 മറുപടി ലഭ്യമാക്കിയില്ല. അധിക ചെലവായ 5,366/-രൂപ മേൽ വിവരിച്ച പ്രകാരം അളവ് രേഖപ്പെടുത്തി തുക അനുവദിച്ച അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 26.10.2022 & 27.10.2022 | കെ.എസ്.എ.കെ.എൽ.എം.പി11/2230/22 തീ. 06.03.2023 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000/- | 0 |
| | | 9,00,000/- | ലൈഫ് മിഷൻ 134/22 | 9,00,000/- | 0 |
| | | 8,00,000/- | ലൈഫ് മിഷൻ 67/22 | 8,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1,00,000/- | അനുപൂരക പോഷകാഹാര പരിപാടി (എസ്.സി. പി)38/22 | 1,00,000/- | 0 |
| | | 1,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000/- | 0 |
| | | 1,00,000/- | അനുപൂരക പോഷകാഹാര പരിപാടി 37 | 1,00,000/- | 0 |
| | | 1,00,000/- | ലൈഫ് മിഷൻ 67/22 | 1,00,000/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

മുൻകൂർ നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് ഭവന പദ്ധതി വായ്പയിനത്തിൽ 44,40,000/-രൂപ വരവുണ്ട്. മുൻബാക്കി 3,30,000/-രൂപ ഉൾപ്പടെ, 47,70,000/-രൂപയിൽ 46,50,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്. 1,20,000/-രൂപ വായ്പയിനത്തിൽ ലഭിച്ചത് തനത് ഫണ്ട് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻവർഷ വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് KURDFC | | 44,40,000/- | 1,36,21,439/- | 26,54,667/- | - | 1,54,06,772/- |
| ഭവന നിർമ്മാണ വായ്പ | 80285/ ഡി.ബി.1/13 | 0 | 9,96,884/- | 2,00,000/- | | 7,96,884/- |

| | | | | | | |
|---|---|---|---|---|---|---|
| മേലില സർവീസ് സഹകരണബാങ്ക് | ത.സ്വ.ഭ.വ തീ.16/01/2014 | | 7,89,613/- | | 1,00,000/- | 6,89,613/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,000/- |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 5,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,000/- |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 818/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2000-2001 | 8 | 150/- | വസന്തകുമാരി, സെക്രട്ടറി | 121040102508 |
| 1999-2000 | 28(1) | 70/- | ബി. ഉണ്ണികൃഷ്ണപിള്ള, സെക്രട്ടറി | 121040102488 |
| ലഭ്യമല്ല | | 598/- | അസിസ്റ്റന്റ് എഞ്ചിനീയർ | 12104010746 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3.11.5 | 2001-02 | 3.6 | ഹോമിയോ ഡിസ്പെൻസറി | നിയമസഭാസമിതിയുടെ പരിഗണനയിലാണ്. |
| 2006-07 | 3.11.7 | 2002-03 | 3.15 | അംഗൻവാടി കെട്ടിട നിർമ്മാണം | ഡെപ്പോസിറ്റ് വർക്ക് പൂർത്തിയായിട്ടുണ്ട്. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 43,461/- | ശ്രീമതി സീന, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-2 | | 5,366/- | ശ്രീമതി ഷീജാമോൾ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 2,00,000/- | ഡോ.സോഫി.ആർ ദാസ് മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-17 | 1,74,945/- | ഡോ.ലീന, വെറ്റിനറി സർജൻ |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സോഫി.ആർ. ദാസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ, മേലില ഗ്രാമപഞ്ചായത്ത് | സമൃദ്ധി, എൻ.ആർ.എ., നന്ദാവനം റോഡ്, പാളയം, വികാസ് ഭവൻ പി.ഒ-695033 |
| ശ്രീമതി ഷീജാമോൾ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ മേലില ഗ്രാമപഞ്ചായത്ത് | ഉഷസ്സ് വില്ല, നല്ലില പി.ഒ- കൊല്ലം-691515 |
| ശ്രീമതി സീന, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ മേലില ഗ്രാമപഞ്ചായത്ത് | പ്ലാവിള വീട്, താഴം നോർത്ത്, ചാത്തന്നൂർ പി.ഒ |
| ഡോ.ലീന, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, മേലില ഗ്രാമപഞ്ചായത്ത് | മെമ്മറീസ്, ശാന്തി ജംഗ്ഷൻ, കൊട്ടാരക്കര, 691506 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.കെ.എൽ.എം.പി11/399(1)/23-2-18 | 1 |
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി11/399(2)/23-2-18 | 3 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി11/399(3)/23-2-18 | 7 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി11/399(4)/23-2-18 | 4 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം.പി11/399(5)/23-2-18 | 6 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി11/399(6)/23-2-18 | 3 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി11/399(7)/23-2-18 | 8 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി11/399(8)/23-2-18 | 8 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി11/399(9)/23-2-18 | 2 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി11/399(10)/ തീയതി.23-2-18 | 8 |

| | | |
|---|---|---|
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി11/738(1)/2019 തീയതി. 31.05.19 | 15 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി11/738(2)/2019 തീയതി. 31.05.19 | 12 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി11/738(3)/2019 തീയതി. 31.05.19 | 10 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി11/738(4)/2019 തീയതി. 31.05.19 | 8 |
| 2010-11 | കെ.എസ്.എ.കെ.എൽ.എം.പി11/738(5)/2019 തീയതി. 31.05.19 | 7 |
| 2011-12, 2012-13 | കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/2011-12 & 2012-13/501/22 (1) തീയതി. 19.08.22 | 18 |
| 2013-14, 2014-15 | കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/2013-14 & 2014-15/501/22 (2) തീയതി. 19.08.22 | 22 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/ 2015-16/501/22 (3) തീയതി. 19.08.22 | 9 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം. പി11/1544/2017/ തീയതി. 16.09.2017 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി11/1711/2018 തീയതി. 21.1.2019 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി11/429/2020 തീയതി. 20-05-2020 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി11/249/2022 തീയതി. 12-05-2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി11/1688/2021 തീയതി. 18-07-2022 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്